നിരീക്ഷണം


# പൊങ്ങച്ച മൂല്യത്തിന്റെ മേള




കെ. സുദീപ്

**വീണ്ടും ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ! കഴിഞ്ഞ രണ്ടു വർഷമായി തുടരുന്ന ഈ അടിപൊളി ഷോപ്പിംഗ് മാമാങ്കം എന്താണ് കേരളീയർക്ക് നൽകുക? നല്ല കച്ചവടം, നല്ല ലാഭം ? പക്ഷേ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ ഭീഷണാമായ കാലത്ത് അനാവശ്യമായി കൂടുതൽ ആർത്തി പിടിച്ച് വാങ്ങിപ്പിക്കുന്ന ഈ അപകട തന്ത്രം മലയാളികളെ നാശത്തിലേക്കാണോ വഴി തിരിച്ചു വിടുന്നത്...?**

**ഏയ്, നിങ്ങളിങ്ങനെ ഇരിക്കാതെ സാധനങ്ങള് വാങ്ങി വാന്ന്... സവാള,നീയെന്താ രാവിലേം വൈകുന്നേരും എല്ലാം സവാള വാരിവലിച്ചു തിന്നാണോ... സവാള... തീ പിടിച്ച വെലയാ..... ചില്ലറപ്പാത്രത്തിൽ നിന്നും തുട്ടുകൾ എടുത്ത് ഭാര്യ അടുത്തു ചെന്നു. രാവിലെ എപ്പോഴോ പത്രവായനയ്ക്കിടയിൽ കണ്ട ഷോപ്പിംഗ് ഫെസ്റ്റിവൽ വാർത്ത ഓർത്ത് പറഞ്ഞു,**
**ഇനി സവാള വാങ്ങുമ്പോഴാണോ സ്വർണ്ണമടിക്കുന്നതെന്ന് പറയാൻ പറ്റില്ലല്ലോ?**
**പിന്നേ... സ്വർണ്ണം....**
**പൂച്ചക്കെന്ത് പൊന്നുരക്കുന്നിടത്ത് കാര്യം. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലെന്ത് സവാള വിൽപ്പന.**
**എന്റെ സൗദാമിനി കിട്ടുന്ന ശമ്പളം കൊണ്ട് ഇപ്പോ 15 ദെവസത്തേക്കുള്ള സാധനം പോലും വാങ്ങാൻ പറ്റില്ല. പിന്നല്ലേ..?**
ഇടത്തരക്കാരനു പറ്റിയ പരിപാടിയല്ല ഈ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ. അതിസമ്പന്നരും ഏത് വിലയ്ക്കും ഏത് സാധനവും വാങ്ങാൻ കെൽപ്പുള്ളവരുമായവർക്ക് പറഞ്ഞ പണിയാണിതെന്നു സാരം. ഒന്നുകൂടി വിശദമാക്കിയാൽ, കിലോയ്ക്ക് 125 രൂപ വിലയുള്ള അരി വാങ്ങി കഴിക്കുന്നവർ,




*കേരളീയം 2009 ഡിസംബർ പതിപ്പ് ഉപഭോഗ ഭ്രാന്തിനെതിരായ പ്രത്യേക ലക്കമായിരുന്നു.*

ഒരു നേരത്തെ ഊണിന് 1000 രൂപയെങ്കിലും ചെലവഴിക്കാൻ പറ്റുന്നവർ....

ഇവർക്കാണ് ഈ ഉത്സവം. ആ ആയിരം രൂപയ്ക്ക് ഒരു മാസത്തേക്കുള്ള അരി വാങ്ങുന്ന നമുക്ക് പറഞ്ഞതല്ല ഈ പണി. അതിസമ്പന്നർ ചെറിയ ശതമാനം മാത്രമുള്ള കേരളത്തിലെന്ത് ഫെസ്റ്റിവൽ.
ആഗോള ഷോപ്പിംഗ് കേന്ദ്രമായി കേരളത്തെ മാറ്റുകയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ലക്ഷ്യമെന്നാണ് സർക്കാർ വാക്യം. ക്രിസ്മസ്, പുതുവത്സരം.. ഉത്സവമാക്കാൻ പറ്റിയ സമയവും. സമ്മാനക്കൂപ്പൺ വഴിയാണ് വാണിഭത്തെ ഉത്സവമാക്കുന്നത്. സമ്മാനാർഹന് കിട്ടുന്നത് സ്വർണ്ണക്കട്ടകളാണ്. ആഗോള വ്യാപാര കേന്ദ്രം, ഉത്സവം, സമ്മാനക്കൂപ്പൺ, പിന്നെ സ്വർണ്ണം.... കേൾക്കാൻ നല്ല സുഖമുള്ള വാക്കുകൾ.
ആഗോള വ്യാപാര കേന്ദ്രം എന്നു പറയുമ്പോൾ നമ്മളുണ്ടാക്കുന്ന സാധനങ്ങൾ വാങ്ങാൻ കടലു കടന്നും

തീവണ്ടി പിടിച്ചും പരദേശക്കാർ പറന്നെത്തുമെന്നു സാരം. കേരളത്തിൽ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന സാധനമെന്താണ്? ആകെ വിൽക്കാനുള്ളത് സെക്സ് (സെക്സ്ടൂറിസം) മാത്രമാണ്. ബാക്കിയെല്ലാം മറ്റു നാട്ടുകാരെ ആശ്രയിച്ചാണ് നമ്മൾ ജീവിക്കുന്നത്. ഖാദി, കൈത്തറി, സാധനങ്ങൾ കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും അതിനൊന്നും ഷോപ്പിംഗ് ഫെസ്റ്റിവലിൽ നല്ല സ്ഥാനമില്ല. തനത് സ്ഥാനങ്ങളോട് പ്രേമം പറയുകയും പുറത്തുനിന്നുള്ള ഉൽപ്പന്നങ്ങൾ വാങ്ങാൻ സർക്കാർ സ്പോൺസർമാരായി ഒരു പരിപാടി സംഘടിപ്പിക്കുകയും ചെയ്യുന്നു അത്രതന്നെ. അമേരിക്കയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനം വാങ്ങാൻ വിമാനം പിടിച്ച് ഏത് അമേരിക്കക്കാരനാണ് കേരളത്തിൽ വരിക. മുംബയിൽ ഉൽപ്പാദിപ്പിച്ച് ഏതൊരു സംസ്ഥാനത്തിലും എന്ന പോലെ കിട്ടുന്ന മൊബൈലുകൾ വാങ്ങാൻ ഏതെങ്കിലും തമിഴനെങ്കിലും ഇങ്ങോട്ടു വരുമോ? പാവങ്ങളുടെ സർക്കാരിന്റെ പാവം സ്വദേശപ്രേമത്തെ എത്ര പുകഴ്ത്തിയാലാണ് മതിയാവുക?

കേരളത്തിലുള്ളവരിൽ ആരൊക്കെയാണ് ഉൽപ്പന്നങ്ങൾ വാങ്ങുന്നതെന്ന ചോദ്യത്തിനും ഉത്തരം പറയാം. ഭാര്യക്ക് പിറന്നാൾ സമ്മാനമായി ഹെലികോപ്റ്റർ നൽകുന്ന വിഭാഗത്തെക്കുറിച്ച് കേട്ടിട്ടില്ലേ. ഏതാണ്ട് അതിന് താഴെ കാറൊക്കെ സമ്മാനമായി നൽകുന്ന വിഭാഗമുണ്ട്. അത്തരക്കാണ് ഈ ഫെസ്റ്റിവലിന്റെ ഉപഭോക്താക്കൾ. അതിസമ്പന്നരെ വളർത്തിയെടുക്കുന്ന കേന്ദ്രസർക്കാരും അത്തരക്കാർക്ക് പാലമിട്ടുകൊടുക്കുന്ന സംസ്ഥാനസർക്കാരും. നേരിട്ടു കണ്ടാൽ എന്റമ്മോ കടിപിടിക്ക് പുലികൾ തോറ്റുപോകും. എന്നാൽ മുതലാളിമാരുടെ പാലം പണിക്ക് ഇരുവരും ഭായിഭായി.

ഉത്സവമെന്നു കേട്ടാൽ മലയാളിയുടെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം വരുമെന്ന വിചാരമുണ്ടോ? മാന്യമായി പണിയെടുത്താൽ തന്നെ ബസിനു പോകാനുള്ള പൈസയില്ലാതെ കടം വാങ്ങേണ്ടി വരുമ്പോഴാണ് ഉത്സവം എന്ന് പറഞ്ഞ് മോഹിപ്പിക്കാൻ ശ്രമിക്കുന്നത്. ഇല്ലേലും ടെലിവിഷനും മൊബൈൽഫോണും വാങ്ങി വേവിച്ചാൽ അരിയാകില്ലല്ലോ. ഫെസ്റ്റിവലിൽ വിൽപ്പനയ്ക്കുള്ള സാധനങ്ങളിവയാണ്. കേരളത്തിൽ നല്ല നാടൻ തറികളിലുണ്ടാക്കുന്ന കൈത്തറികൾക്ക് സ്ഥാനമില്ലാതെ പരിസ്ഥിതിക്ക് തന്നെ കോട്ടം തട്ടുന്ന വസ്ത്ര, ആഭരണ, ഉൽപ്പന്നങ്ങളാണ് ഫെസ്റ്റിവലിലെ ഉൽപ്പന്നങ്ങൾ. ഗൗരവമേറിയ വ്യാപാരത്തിനിടയിൽ സവാള, ഉള്ളി, പഞ്ചസാര, വിലക്കയറ്റം എന്നൊക്കെയുള്ള സാധാരണക്കാരന്റെ പരാതികൾ പടിക്കു പുറത്ത്. സമ്മാനക്കൂപ്പണാണ് ഈ ഫെസ്റ്റിവലിന്റെ മറ്റൊരാകർഷണം. ഇല്ലേലും പാവങ്ങളുടെ പോക്കറ്റിൽ കയ്യിട്ട് പിരിച്ച് ഒരു സമ്പന്നനെയെങ്കിലും ഉണ്ടാക്കുന്ന സർക്കാരിന്റെ പഴയ തന്ത്രം തന്നെ. ഈ ലോട്ടറിയെക്കുറിച്ച് കേൾക്കുമ്പോൾ സർക്കാരിനോട് കിലുക്കം സിനിമയിലെ ഇന്നസെന്റിന്റെ ശൈലിയിൽ ഒന്നു പറഞ്ഞോട്ടെ, ഒമ്പത്, കേട്ടിട്ടുണ്ട്..... ആറേ.... കൊറേ കേട്ടിട്ടുണ്ട്........ സമ്മാനം സ്വർണ്ണമാണ്. അതും ചില്ലറയൊന്നുമല്ല, 40 കിലോ. ആരെയാണ് ഈ സ്വർണ്ണസമ്മാനം കേട്ടി മോഹിപ്പിക്കുന്നത്. ലളിതമായ ജീവിതത്തെയും ആഡംബര രഹിതമായ വിവാഹത്തെയും പ്രോത്സാഹിപ്പിക്കുന്നുവെന്ന് പറഞ്ഞ പാവങ്ങളുടെ സർക്കാരാണ് പരിപ്പുവടയിൽ നിന്നും ഫ്രൈഡ്റൈസിലേക്കും കട്ടൻചായയിൽ നിന്നും ബിയറിലേക്കുമുള്ള ആശയമാറ്റം പോലെ മലക്കം മറിഞ്ഞത്. സർക്കാർ സ്പോൺസേർഡ് ഉത്സവത്തിന്റെ മുഖ്യ കുഴലൂത്ത് മലയാളത്തിലെ മാധ്യമങ്ങളുടേതാണ്. മേളത്തിന് സകലമാന സാംസ്കാരിക നായകന്മാരും സിനിമാ നടന്മാരും രംഗത്തുണ്ട്. പ്രതിപക്ഷവുമുണ്ട്. കാര്യങ്ങൾ പ്രതിപക്ഷം പഠിച്ചുവരുമ്പോഴേക്കും അടുത്ത ഭരണകാലമാകും. അപ്പോൾ അത് മറന്ന് അവർക്കും തുടരാം, ഇത് തങ്ങളുടെ അഭിമാനമെന്ന പോസ്റ്ററോടെ. മാനത്തൂടെ പക്ഷി പറന്നാൽ പോലും അതിന്റെ പോക്ക് ശരിയല്ലെന്ന് നിഗമിച്ച് വിമർശിക്കുന്ന സാംസ്കാരിക




നായകന്മാർ ചിരിച്ചു കൊണ്ട് ഉത്സവപരസ്യത്തിനു മുന്നിലുണ്ട്. ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം എന്നു മാത്രം ചിന്തിക്കുന്ന സിനിമാ നടന്മാരെ വെറുതെ വിടുക. ഫാൻസ് അസോസിയേഷൻ പിന്നാലെയുണ്ട്. എങ്കിലും ഈ മാധ്യമങ്ങൾ? മാസം 100 രൂപ എണ്ണിക്കൊടുത്ത് ദിനംപ്രതി വാതിൽക്കൽ വീഴുന്ന വാർത്താ പത്രങ്ങൾ ഒന്നാം പേജിൽ തന്നെ വലിയൊരു കള്ളമെഴുതിയാൽ. പരസ്യക്കാരനു വേണ്ടി സ്വന്തം തലക്കെട്ടു പോലും വാലിനടിയിലാക്കുന്ന മാധ്യമങ്ങളുണ്ട്. ശരി തന്നെ. എന്നാൽ ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പരസ്യത്തിന് അടിയിൽ അഡ്വടോറിയൽ അല്ലെങ്കിൽ മാർക്കറ്റിംഗ് ഫീച്ചർ എന്നൊരു വാക്ക് എഴുതിയിരുന്നെങ്കിൽ? ദീപസ്തംഭം മഹാശ്ചര്യം എനിക്കും പണം കിട്ടിയേ പറ്റൂ.....കുറ്റം പറയരുതല്ലോ, നാടാകെ കോടികൾ ചെലവിട്ട് ഇത്രയും വലിയ ഉത്സവം നടത്തുമ്പോൾ ഭരിക്കുന്നവർക്കു മുന്നിലേക്ക് വീട്ടിൽ നിന്നും ഭാര്യ നൽകിയ തുട്ടുമായി മുണ്ടിന്റെ ഒരു തല കക്ഷത്തിലേക്ക് വലിച്ചു പിടിച്ച്, തല കുമ്പിട്ട്, സഖാവേ, സർക്കാരേ, സവാള, വിലക്കയറ്റം എന്നൊക്കെ പറഞ്ഞങ്ങ് ചെന്നാൽ, ഇടംകൈ ഉയർത്തി അടിക്കാനോങ്ങി മൂത്ത സഖാക്കൾ പറയും, മിണ്ടാതെ നിന്നോണം, സവാള, വിലക്കയറ്റം.... ഒരു വീക്ക് തന്നാലുണ്ടല്ലോ.....